©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
**PUBLISHED BY AUTHORITY**

വാല്യം 10 / Vol. X | തിരുവനന്തപുരം, ചൊവ്വ / Thiruvananthapuram, Tuesday | 2021 മേയ് 25 / 25th May 2021 | 1196 ഇടവം 11 / 11th Idavam 1196 | 1943 ജ്യേഷ്ഠം 4 / 4th Jyaishta 1943 | നമ്പർ / No. 21

## PART III

# Dairy Development Department

**കൊല്ലം ജില്ലാ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : ശ്രീമതി നിഷ, ബി. എസ്.)

നമ്പർ എ5-2342/2019. 2021 ഏപ്രിൽ 19.

വിഷയം:—ക്ഷീരവികസന വകുപ്പ്—കൊല്ലം ജില്ല—അഞ്ചൽ ബ്ലോക്ക്—ഒറ്റക്കൽ ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യു.-156 (ഡി) സമാപ്തീകരിച്ചുകൊണ്ടും 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ടും പുറപ്പെടുവിക്കുന്ന ഉത്തരവ്.

പരാമർശം:—(1) കൊല്ലം ജില്ലാ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ 21-6-2019-ലെ മേൽനമ്പർ ഉത്തരവ്.

(2) അഞ്ചൽ ക്ഷീരവികസന ആഫീസറുടെ 18-8-2020-ലെ 2/20 നമ്പരായുള്ള റിപ്പോർട്ടും ശുപാർശയും.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ അഞ്ചൽ ക്ഷീരവികസന യൂണിറ്റിന് പരിധിയിലുള്ള ഒറ്റക്കൽ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യു-156 (ഡി) പ്രവർത്തനക്ഷമ മാക്കുവാൻ കഴിയുമോ എന്നറിയുന്നതിന് അഞ്ചൽ ക്ഷീര വികസന ഓഫീസറെ 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പി ക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. അതിൻപ്രകാരം അഞ്ചൽ ക്ഷീരവികസന ഓഫീസർ ഒറ്റക്കൽ ക്ഷീരസഹകരണ സംഘത്തിൽ പരിശോധന നടത്തുകയും, സംഘം പ്രവർത്തനം സംബന്ധിച്ച് യാതൊരു രേഖയും ലഭ്യമല്ലാത്തതിനാലും സംഘം പുനരുദ്ധീകരിക്കാൻ യാതൊരു വിധ സാധ്യതയും ഇല്ലായെന്നും, സംഘം രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നതിന് നടപടി സ്വീകരിക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം അഞ്ചൽ ക്ഷീരവികസന ഓഫീസർ ശുപാർശ സഹിതം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ റിപ്പോർട്ടിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ ഒറ്റക്കൽ ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യു.-156 (ഡി) സമാപ്തീകരിച്ച് കൊണ്ടും 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ക്ഷീരവികസന വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, കൊല്ലം.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ.

REGISTRATION CERTIFICATE

No. C-1835/2020. *19th April 2021.*

I do hereby certify in exercise of the powers conferred on me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following Society the particulars which are furnished in the Categorical Statement are registered by me today as a Co-operative Society under the said Act, on the basis of limited liability and that the bye-laws of the aforesaid society are also hereby registered under the said section.

തരംതിരിച്ചുള്ള പട്ടിക

1. ക്ഷീര സഹകരണ സംഘത്തിന്റെ പേരും നമ്പരും—നെക്രാജെ, ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ കെ. ജി. 131 (ഡി) ആപ്കോസ്.
2. രജിസ്റ്റർ ചെയ്ത തീയതി—19-4-2021.
3. പോസ്റ്റ് ഓഫീസ്—നെക്രാജെ.
4. താലൂക്ക്—കാസറഗോഡ്.
5. ജില്ല—കാസർഗോഡ്.
6. പ്രവർത്തന പരിധി—ചെങ്കള ഗ്രാമ പഞ്ചായത്തിലെ 4,5 വാർഡുകൾ

അതിർത്തികൾ

4, 5 വാർഡുകൾ-ചെങ്കള ഗ്രാമ പഞ്ചായത്ത്

തെക്ക്—പൈക്ക-മുള്ളേരിയ റോഡ്, പുണ്ടൂർതോട്.

വടക്ക്—ബദിയടുക്ക-മുള്ളേരിയ റോഡ്, എ. പി. സർക്കിൾ.

കിഴക്ക്—ശാസ്താംകോട്-നാടുവങ്കുടി.

പടിഞ്ഞാറ്—ചെർക്കള ബദിയടുക്ക റോഡ്.

അതിർത്തിക്കുള്ളിൽ വരുന്ന പ്രദേശങ്ങൾ

7. ബാദ്ധ്യത—ക്ലിപ്തം.
8. പ്രധാന ഉദ്ദേശങ്ങൾ—പാൽ സംഭരണവും വിതരണവും.
9. അംഗീകൃത ഓഹരി മൂലധനം—₹ 50,000.
10. സംഘത്തിന് ആകെ വാങ്ങാവുന്ന കടം—വായ്പകളുടെയും നിക്ഷേപങ്ങളുടെയും ആകെ തുക, ഓഹരി മൂലധനം, സഞ്ചിതമായ കരുതൽ ധനം, കെട്ടിടനിധി എന്നിവയുടെ ആകെ തുകയിൽ നിന്നും സഞ്ചിതമായ നഷ്ടങ്ങൾ കുറച്ചാലുള്ള തുകയുടെ പത്തിരട്ടിയിൽ കവിയാൻ പാടുള്ളതല്ല.

ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി
ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
കാസർഗോഡ്. ഡെപ്യൂട്ടി ഡയറക്ടർ.

REGISTRATION CERTIFICATE

No. C-800/2018. *22nd April 2021.*

I do hereby certify in exercise of the powers conferred on me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following Society the particulars which are furnished in the Categorical Statement is registered by me today as a Co-operative Society under the said Act, on the basis of limited liability and that the bye-laws of the aforesaid society is also hereby registered under the said section.

തരംതിരിച്ചുള്ള പട്ടിക

1. ക്ഷീര സഹകരണ സംഘത്തിന്റെ പേരും നമ്പരും—കാമധേനു ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.ജി. 132 (ഡി) ആപ്കോസ്.
2. രജിസ്റ്റർ ചെയ്ത തീയതി—22-4-2021.
3. പോസ്റ്റ് ഓഫീസ്—പട്ള.
4. താലൂക്ക്—കാസറഗോഡ്.
5. ജില്ല—കാസർഗോഡ്.
6. പ്രവർത്തന പരിധി—മധൂർ ഗ്രാമപഞ്ചായത്തിലെ 2, 3 വാർഡുകൾ

അതിർത്തികൾ

2, 3 വാർഡുകൾ-മധൂർ ഗ്രാമ പഞ്ചായത്ത്

തെക്ക്—മധുവാഹിനി പുഴ.

വടക്ക്—പട്ള-കുഞ്ചാർ റോഡ്.

കിഴക്ക്—കുഞ്ചാർ റോഡ്.

പടിഞ്ഞാറ്—കുദ്രേപ്പാടി റോഡ്.

അതിർത്തിക്കുള്ളിൽ വരുന്ന പ്രദേശങ്ങൾ

7. ബാദ്ധ്യത—ക്ലിപ്തം.
8. പ്രധാന ഉദ്ദേശങ്ങൾ—പാൽ സംഭരണവും വിതരണവും.
9. അംഗീകൃത മൂലധനം—₹ 50,000.
10. സംഘത്തിന് ആകെ വാങ്ങാവുന്ന കടം—വായ്പകളുടെയും നിക്ഷേപങ്ങളുടെയും ആകെ തുക, ഓഹരി മൂലധനം, സഞ്ചിതമായ കരുതൽ ധനം, കെട്ടിടനിധി എന്നിവയുടെ ആകെ തുകയിൽ നിന്നും സഞ്ചിതമായ നഷ്ടങ്ങൾ കുറച്ചാലുള്ള തുകയുടെ പത്തിരട്ടിയിൽ കവിയാൻ പാടുള്ളതല്ല.

ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി
ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
കാസർഗോഡ്. ഡെപ്യൂട്ടി ഡയറക്ടർ.



Salim A Digitally signed by Salim A
Date: 2021.07.09 16:17:29
+05'30'